പതിനാലാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 2808 — 09.05.2017 ൽ മറുപടിക്ക്

## കാൽനട യാത്രക്കാർക്കുണ്ടാകുന്ന റോഡപകടങ്ങൾ ഒഴിവാക്കാൻ നടപടി

| ചോദ്യം<br>ശ്രീ.എം.ഉമ്മർ | മറുപടി<br>ശ്രീ. തോമസ് ചാണ്ടി<br>(ഗതാഗത വകുപ്പ് മന്ത്രി) |
| --- | --- |
| (എ) സംസ്ഥാനത്ത് കാൽനട യാത്രക്കാർക്ക് ഉണ്ടാകുന്ന റോഡപകടങ്ങൾ വർദ്ധിച്ചു വരുന്നത് സംബന്ധിച്ച് വിശദമായ പരിശോധന നടത്തിയിട്ടുണ്ടോ; | (എ) ഉണ്ട്. കാൽനട യാത്രക്കാർക്ക് ഉണ്ടാകുന്ന അപകടങ്ങളുടെ മുഖ്യകാരണം ഫുട്പാത്തുകളിലെ തെരുവ് കച്ചവടക്കാരുടെയും മറ്റും അനധികൃത കൈയേറ്റമാണ്. |
| (ബി) ഇത്തരം അപകടങ്ങൾ നിയന്ത്രിക്കുന്നതിനുള്ള എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്; വിശദമാക്കാമോ; | (ബി) ഫുട്പാത്തുകളിലെ അനധികൃത കൈയേറ്റങ്ങൾ ഒഴിപ്പിക്കാനുള്ള അധികാരം പൊതുമരാമത്ത് വകുപ്പിനും പോലീസിനും തദ്ദേശസ്വയം ഭരണ വകുപ്പിനുമാണ്. സംസ്ഥാനത്തെ റോഡുകളിലെ ഫുട്പാത്തുകളിലുള്ള വഴി വാണിഭ സംഘങ്ങളുടെ അനധികൃത കൈയേറ്റങ്ങൾക്കെതിരെ നടപടി സ്വീകരിച്ചതിന്റെ റിപ്പോർട്ട് പൊതുമരാമത്ത് വകുപ്പ് റോഡ് സുരക്ഷാ അതോറിറ്റിക്ക് സമർപ്പിച്ചിട്ടുണ്ട്. ഇതിനു പുറമെ 2017 ഫെബ്രുവരി 15 മുതൽ മാർച്ച് 15 വരെയുള്ള റോഡ് സേഫ്റ്റി ആക്ഷൻ പ്ലാനിന്റെ ഭാഗമായി നടപ്പാതകളിലെ കൈയേറ്റമൊഴിപ്പിക്കുന്നതിന് പൊതുമരാമത്ത് വകുപ്പിന്റെയും പോലീസ് വകുപ്പിന്റെയും സംയുക്താഭിമുഖ്യത്തിൽ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br>കാൽനടക്കാർക്ക് റോഡ് മുറിച്ചു കടക്കുന്നതിന് പ്രധാനപ്പെട്ട ആശുപത്രികൾക്കും വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും മുന്നിലുള്ള റോഡുകളിലും തിരക്കേറിയ ജംഗ്ഷനുകളിലും ഫുട് ഓവർബ്രിഡ്ജ് സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് തീരുമാനമെടുക്കാനും ആയതിന്റെ റിപ്പോർട്ട് ഹാജരാക്കാനും ജില്ലാ കളക്ടർ അദ്ധ്യക്ഷനായുള്ള ജില്ലാ റോഡ് സുരക്ഷാ കൗൺസിലുകളോടാവശ്യപ്പെട്ടിട്ടുണ്ട്. ആയതിന്റെ റിപ്പോർട്ടുകൾ ഹാജരാക്കുന്ന മുറയ്ക്ക് ഈ വിഷയത്തിൽ നടപടി എടുക്കാവുന്നതാണ്. 18/08/2016 ൽ റോഡ് സേഫ്റ്റി |

കമ്മിഷണറുടെയും ട്രാൻസ്പോർട്ട് കമ്മിഷണറുടെയും അദ്ധ്യക്ഷതയിൽ കിഴക്കേകോട്ടയിലെ അപകടങ്ങൾ കുറയ്ക്കുന്നതിനായി, തിരുവനന്തപുരം ജില്ലാ കളക്ടർ, തിരുവനന്തപുരം സിറ്റി പോലീസ് കമ്മിഷണർ, തിരുവനന്തപുരം റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർ, ട്രാഫിക് അസിസ്റ്റന്റ് കമ്മിഷണർ , നാറ്റ്പാക് പ്രതിനിധി, തിരുവനന്തപുരം റോഡ് ഡെവലപ്മെന്റ് കമ്പനി ലിമിറ്റഡ് (TRDL) പ്രതിനിധി എന്നിവർ പങ്കെടുത്ത യോഗം ചേരുകയുണ്ടായി. ഈ യോഗത്തിൽ വച്ച് കിഴക്കേകോട്ടയിൽ സ്ഥാപിച്ചിട്ടുള്ള ബാരിക്കേഡുകളും ഡിവൈഡറുകളും കാൽനടക്കാൽ മുറിച്ചു കടക്കാത്ത വിധത്തിൽ ക്രമീകരിക്കാനും റൂട്ട് ബസ്സുകളുടെ ഓപ്പറേറ്റിംഗ് ബേകൾക്കിടയിലുള്ള ഡിവൈഡറുകൾ പൊളിച്ചു മാറ്റാനും ബസ് സ്റ്റേഷനിൽ ഡെസ്റ്റിനേഷൻ ബോർഡ്, നമ്പർ എന്നിവ സ്ഥാപിക്കാനും തിരുവനന്തപുരം റോഡ് ഡെവലപ്മെന്റ് കമ്പനി ലിമിറ്റഡ് (TRDL)നോട് നിർദ്ദേശിച്ചു. കിഴക്കേകോട്ടയിൽ എത്തിച്ചേരുന്ന ബസ്സുകളെയും യാത്രക്കാരെയും നിയന്ത്രിക്കുവാനും നിയമവിരുദ്ധമായി പാർക്ക് ചെയ്യുന്നതും അനാവശ്യമായി വാഹനം നിർത്തിയിടുന്നതും ഒഴിവാക്കാനായി കൂടുതൽ പോലീസ് ഫോഴ്സിനെ നിയോഗിക്കുവാൻ ട്രാഫിക് അസിസ്റ്റന്റ് കമ്മിഷണറെ ചുമതലപ്പെടുത്തി. കാൽനടയാത്രക്കാർക്കും പൊതുജനങ്ങൾക്കും സുരക്ഷിതമായി റോഡ് മുറിച്ച് കടക്കുവാൻ കുറഞ്ഞത് രണ്ട് ഫൂട്ട് ഓവർ ബ്രിഡ്ജ് സ്ഥാപിക്കുവാൻ യുക്തമായ സ്ഥലങ്ങൾ കണ്ടുപിടിച്ച് നിർദ്ദേശിക്കുവാനും ആയതിന് വേണ്ടി വരുന്ന ചെലവ് എത്രയെന്ന് കണക്കാക്കി പ്രോജക്റ്റ് പ്രൊപ്പോസൽ റോഡ് സേഫ്റ്റി അതോറിറ്റിക്ക് മുൻപാകെ സമർപ്പിക്കുവാനും നാറ്റ്പാകിനെ ചുമതലപ്പെടുത്തി. 07/09/2016 ൽ നാറ്റ്പാക് ഇത് സംബന്ധിച്ച പ്രൊപ്പോസൽ റോഡ് സേഫ്റ്റി അതോറിറ്റിക്ക് മുൻപാകെ സമർപ്പിച്ചു. പൊതുമരാമത്ത് വകുപ്പ്, റ്റി ആർ ഡി സി എൽ, തിരുവനന്തപുരം കോർപ്പറേഷൻ, കെ.എസ്.ആർ.ടി.സി, പോലീസ് വകുപ്പ് എന്നിവരുമായി ടി പ്രൊപ്പോസൽ ചർച്ച ചെയ്ത് വിശദമായ റിപ്പോർട്ട് നൽകുന്നതിനായി ജില്ലാ റോഡ് സേഫ്റ്റി കൗൺസിലിന്റെ ചെയർമാൻ കൂടിയായ ജില്ലാ കളക്ടറോട് നിർദ്ദേശിച്ചിട്ടുണ്ട്.

(സി) അപകടങ്ങൾ ഒഴിവാക്കുന്നതിനായി കാൽനട യാത്രക്കാർക്കും വാഹനമോടിക്കുന്നവർക്കും ബോധവത്ക്കരണം നടത്തുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

വാഹനാപകടങ്ങൾ ഒഴിവാക്കുന്നതിനായി ദൃശ്യ- ശ്രാവ്യ മാധ്യമങ്ങളുടെ സാധ്യതകൾ ഉപയോഗപ്പെടുത്തി കേരള റോഡ് സുരക്ഷാ അതോറിറ്റി നടപടികൾ സ്വീകരിച്ചു വരുന്നു. ഇതിന് പുറമെ, മാജിക് ഷോ , ഓട്ടൻ തുള്ളൽ, കിറ്റി ഷോ തുടങ്ങിയ കലാരൂപങ്ങളിലൂടെയും റോഡ് സുരക്ഷാ സന്ദേശം പ്രചരിപ്പിച്ചിട്ടുണ്ട്. റോഡ് സുരക്ഷാ വാരാചരണത്തിന്റെ ഭാഗമായി കേരള റോഡ് സുരക്ഷാ അതോറിറ്റി അനുബന്ധ വകുപ്പുകൾക്ക് എല്ലാ വർഷവും ഫണ്ട് നൽകി വരുന്നു. ടിപ്പർ

ലോറി / ചരക്ക് വാഹനം എന്നിവയുടെ ഡ്രൈവർ മാർക്ക് നാറ്റ്പാക് വഴി റോഡ് സുരക്ഷാ പരിശീലനം നൽകുന്നതിനായി സാമ്പത്തിക സഹായം നൽകിയിട്ടുണ്ട്. രാത്രികാല എയർപോർട്ട് യാത്ര അപകടങ്ങൾ നിയന്ത്രിയ്ക്കുന്നതിന്റെ ഭാഗമായി, രാത്രികാല സവാരി നടത്തുന്ന ഡ്രൈവർ മാരെയും, യാത്രക്കാരെയും ബോധവൽക്കരിക്കുന്നതിനായി റോഡ് സുരക്ഷാ അതോറിറ്റിയുടെ നേതൃത്വത്തിൽ അച്ചടിച്ച ലീഫ് ലെറ്റുകൾ കേരളത്തിലെ മൂന്ന് അന്താരാഷ്ട്ര വിമാനത്താവളങ്ങളുടെ പരിധിയിൽ വരുന്ന റീജിയണൽ ട്രാൻസ് പോർട്ട് ഓഫീസർമാരുടെ നേരിട്ടുള്ള നിയന്ത്രണത്തിൽ രാത്രികാലങ്ങളിൽ വിതരണം ചെയ്തു. വാഹന ഡ്രൈവർ മാരെ ബോധവൽക്കരിക്കുന്നതിന്റെ ഭാഗമായി അതോറിറ്റിയുടെ നേതൃത്വത്തിൽ അച്ചടിച്ച 'റോഡ് റെഗുലേഷൻസ്'' എന്ന ലീഫ് ലെറ്റുകൾ റീജിയണൽ ട്രാൻസ് പോർട്ട് ഓഫീസർ മുഖേന എല്ലാ ജില്ലകളിലും വിതരണം ചെയ്തു. നാറ്റ്പാക് തയ്യാറാക്കിയ സ്കൂളുകളിലേയ്ക്കുള്ള സുരക്ഷിത പാത എന്ന പുസ്തകത്തിന്റെയും, അദ്ധ്യാപക പഠന സഹായി എന്ന പുസ്തകത്തിന്റെയും ഇംഗ്ലീഷ് മലയാളം വാല്യങ്ങളുടെ കോപ്പികൾ അച്ചടിച്ച് സ്കൂൾ വിദ്യാർത്ഥികളെ ബോധവൽക്കരിക്കുന്നതിന്റെ ഭാഗമായി പ്രസ്തുത പുസ്തകങ്ങൾ റീജിയണൽ ട്രാൻസ് പോർട്ട് ഓഫീസർമാർ മുഖേന കേരളത്തിലെ സ്കൂളുകളിൽ വിതരണം ചെയ്തിട്ടുണ്ട്. റോഡ് സുരക്ഷയെ സംബന്ധിച്ച് വിദ്യാർത്ഥികളിൽ അവബോധം ഉണ്ടാക്കുവാനും റോഡ് സുരക്ഷാ പ്രവർത്തനങ്ങളിൽ വിദ്യാർത്ഥികളെ പങ്കാളികളാക്കാനും കേരളത്തിലെ സ്കൂൾ കോളേജുകളിൽ റോഡ് സുരക്ഷാ ക്ലബ്ബുകൾ രൂപീകരിച്ചിട്ടുണ്ട്. പോലീസ് വകുപ്പിന് ശുഭയാത്ര എന്ന ട്രാഫിക് ബോധവൽക്കരണ പരിപാടി നടത്തുന്നതിന് 6 കോടി രൂപ 2014-15 ൽ അനുവദിച്ചിട്ടുണ്ട്.

SR

സെക്ഷൻ ഓഫീസർ